# സ്കൂൾതല

# അക്കാദമിക

# മാസ്റ്റർപ്ലാൻ

## 2025-26

ഗവ: L.PS കിഴക്കേക്കര
നോർത്ത്

# അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : ഗവ: LPS കിഴക്കേക്കര നോർത്ത്

വിലാസം : വലിയപറമ്പ് പി ഒ
കാർത്തികപ്പള്ളി
ആലപ്പുഴ Pin-690516
Ph: 0479 248

2. സ്കൂൾ കോഡ് : 35334
3. വിദ്യാഭ്യാസ ഉപജില്ല : അമ്പലപ്പുഴ
4. വിദ്യാഭ്യാസ ജില്ല : ആലപ്പുഴ
5. റവന്യൂ ജില്ല : ആലപ്പുഴ
6. ബി. ആർ. സി : അമ്പലപ്പുഴ
7. സി. ആർ. സി : തൃക്കുന്നപ്പുഴ
8. ഗ്രാമപഞ്ചായത്ത് : തൃക്കുന്നപ്പുഴ. വാർഡ് V
9. ബ്ലോക്ക് പഞ്ചായത്ത് : ഹരിപ്പാട്
10. ജില്ലാ പഞ്ചായത്ത് : ആലപ്പുഴ
11. നിയമസഭാ മണ്ഡലം : ഹരിപ്പാട്
12. ലോക് സഭാ മണ്ഡലം : ആലപ്പുഴ
13. താലൂക്ക് : കാർത്തികപ്പള്ളി
14. വില്ലേജ് : തൃക്കുന്നപ്പുഴ
15. ഇ-മെയിൽ : kizhakkekaranorthglps@gmail.com

## ആമുഖം

2009-ലെ വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായിക്കഴിഞ്ഞു. കുട്ടികളുടെ എല്ലാവിധ അവകാശങ്ങളും സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം നമ്മുടെ കടമയായി മാറുന്നു. പാഠ്യപദ്ധതിയെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കേണ്ടതുണ്ട്. പാഠ്യപദ്ധതിയുടെ ഫലപ്രദമായ വിനിമയത്തിലൂടെ എല്ലാ കുട്ടികളുടെയും പഠനനേട്ടം ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ആത്യന്തിക ലക്ഷ്യം സഫലമാക്കുന്നതിനുള്ള ആസൂത്രണ രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഈ ലക്ഷ്യം സഫലമാക്കുന്നതിന് നമ്മുടെ പൊതുവിദ്യാലയങ്ങൾ എല്ലാ മേഖലകളിലും വളരെയധികം മാറ്റപ്പെടേണ്ടതുണ്ട്. പൊതുസമൂഹത്തിന്റെ താല്പര്യമനുസരിച്ച് വിദ്യാലയങ്ങളെ രൂപത്തിലും, ഭാവത്തിലും, ഉള്ളടക്കത്തിലും എല്ലാം മാറ്റിയെടുത്ത് അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാവണം നമ്മുടെ ലക്ഷ്യം. ഇതിലും മികച്ചത് മറ്റെവിടെയും കിട്ടില്ല എന്ന ബോധം ജനങ്ങളിലുണർത്തി സമൂഹത്തെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കണം എന്ന ലക്ഷ്യമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കൊണ്ട് സാധിക്കേണ്ടത്. അതിനുള്ള മാർഗരേഖയാണ് ഈ മാസ്റ്റർ പ്ലാൻ

## ലക്ഷ്യങ്ങൾ

- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എല്ലാ. കുട്ടികൾക്കും ഉറപ്പുവരുത്തുക.
- പ്രക്രിയാബന്ധിത പഠനത്തിനും പ്രവർത്തനാധിഷ്ഠിത ക്ലാസ് മുറികൾക്കും ഊന്നൽ നല്കുക
- കുട്ടികളിലെ സർഗാത്മകത വളർത്തുന്നതിനും അവ പ്രകടിപ്പിക്കുന്നതിനുമുള്ള അവസരമൊരുക്കുക.
- കലാകായിക പ്രവൃത്തിപരിചയ പഠനത്തിൽ ലിംഗവ്യത്യാസമില്ലാതെ എല്ലാ കുട്ടികളുടെയും പങ്കാളിത്തവും താൽപര്യവും ഉറപ്പുവരുത്തുക.
- ശിശു സൗഹൃദ കുടുംബാന്തരീക്ഷം സൃഷ്ടിക്കുക.
- സമൂഹത്തിൽ നല്ല പൗരന്മാരായി വളരാൻ ഉതകുന്ന തരത്തിൽ അവരെ പ്രാപ്തരാക്കുക
- അതിഥി തൊഴിലാളികളുടെ കുട്ടികളുടെ പഠനത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നു.
- എല്ലാ വിഷയങ്ങൾക്കും ICT, AI സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുക.
- ദിനാചരണങ്ങളിലൂടെ സാമൂഹികാവബോധവും അറിവും വർദ്ധിപ്പിക്കുന്നു.
- പഠനത്തെ പരിസരബന്ധിത ജീവിതഗന്ധി പ്രവർത്തനാധിഷ്ഠിതമാക്കാൻ ജൈവ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

- മാലിന്യ നിർമാർജന അവബോധം കുട്ടികളിൽ വളർത്തുന്നു.
- SRG കൂടി അക്കാദമിക ചർച്ചകളും സംവാദങ്ങളും നടത്തി സ്വയം ശക്തിപ്പെടുത്തുന്നു.
- ലഹരി ബോധവത്ക്കരണം, ശുചിത്വവിദ്യാലയം, ഹരിതവിദ്യാലയം എന്നീ പ്രവർത്തനങ്ങളിലൂടെ കുട്ടിയിൽ ഗുണപരമായ മനോഭാവം വികസിപ്പിക്കുന്നു
- കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യം സംരക്ഷിക്കുന്നു.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ആശയവിനിമയം നടത്താനും വായനയിലും ലേഖനത്തിനും പ്രാവിണ്യം നേടാനും കുട്ടികളെ പ്രാപ്തരാക്കുക.

# അവസ്ഥാവിശകലനം

## ഭൗതികം : നേട്ടങ്ങൾ

* സുനാമി പുനരധിവാസ പദ്ധതിയിലുള്ള കോൺക്രീറ്റ് കെട്ടിടത്തിന് മുകളിൽ ട്രസ് വർക്ക് ചെയ്ത് വൃത്തിയാക്കി.
* ആകർഷകമായ അസംബ്ലി ഹാൾ
* ആധുനികസൗകര്യങ്ങളുള്ള പാചകപ്പുര.
* പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമ്മിച്ച വിശാലമായ മെസ്സ് ഹാൾ
* കുട്ടികളുടെ പാർക്ക്
* ജൈവവൈവിധ്യ ഉദ്യാനം, ആകർഷകമായ പൂന്തോട്ടം.
* കുട്ടികൾക്കാവശ്യമായ ഫർണിച്ചറുകൾ, അടുക്കള ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, സ്കൂൾ ബാഗ്, പഠനോപകരണങ്ങൾ, തുടങ്ങിയ നിരവധി കാര്യങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ സ്കൂളിൽ ചെയ്യാൻ സാധിച്ചു.
* PTCM ന് സ്വന്തമായി വാഹനമുണ്ട്.

## ഭൗതികം : പരിമിതികൾ

* സ്മാർട്ട് ക്ലാസ് റൂമുകളില്ല.
* ഫിക്സഡ് പ്രൊജക്ടറുകൾ ഇല്ല.
* കളിസ്ഥലത്തിന്റെ അപര്യാപ്തത.
* മെസ്സ് ഹാളിൽ ചോർച്ചയുണ്ട്.
* ഓരോ കുട്ടിക്കും table-chair പദ്ധതി.

## അക്കാദമികം : നേട്ടങ്ങൾ

* നവോദയ പ്രവേശന പരീക്ഷയിൽ തിളക്കമാർന്ന വിജയം.
* കലോത്സവങ്ങളിലും ശാസ്ത്രമേളകളിലും സ്പോർട്സിലും മികച്ച പ്രകടനം.
* സ്കൂൾ ലൈബ്രറി കാര്യക്ഷമമായി ഉപയോഗിക്കുകയും വായനാകുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.
* വെള്ളിയാഴ്ചകളിൽ English day ആയി ആചരിക്കുകയും അന്നേ ദിവസം English assembly നടത്തുകയും ഉച്ചവരെ എല്ലാവരും English ൽ മാത്രം ആശയവിനിമയം നടത്തുകയും ചെയ്യുന്നു.
* കാര്യക്ഷമമായ ICT പഠനം.
* പഞ്ചായത്തിലെ മികച്ച ഹരിതവിദ്യാലയത്തിനുള്ള അവാർഡ് ലഭിച്ചു.
* സ്കൂളിലെ പിന്നോക്കക്കാരായ കുട്ടികളുടെ പഠന നിലവാരമുയർത്തുന്നതിനായി 'കുട്ടി ടീച്ചർ' പദ്ധതി നടപ്പിലാക്കി.
* സാമൂഹിക പങ്കാളിത്തത്തോടെ മികച്ച ഉച്ചഭക്ഷണം.
* സംയുക്ത ഡയറി, സർഗാത്മക ഡയറി ഇവ കുട്ടികളുടെ സ്വതന്ത്രരചനകൾ പരിപോഷിപ്പിച്ചു
* മികച്ച അസംബ്ലി നടത്തിപ്പ്.
* 'വിജ്ഞാനപ്പെട്ടി' - പൊതുവിജ്ഞാനം വളരാനായി ഏറെ സഹായകമായി.

## അക്കാദമികം - പരിമിതികൾ

* ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുമ്പോൾ താരതമ്യേന പ്രശ്നങ്ങളില്ലെങ്കിലും ലേഖനത്തിൽ ധാരാളം അക്ഷരത്തെറ്റുകൾ വരുന്നു (ചിഹ്നങ്ങൾ)

* ഇംഗ്ലീഷിലെ ആശയവിനിമയ ശേഷി പൂർണ്ണമായും എല്ലാ കുട്ടികളിലും വേണ്ട രീതിയിൽ എത്തിയിട്ടില്ല.

* കലാകായിക പരിശീലനത്തിൽ വിദഗ്ദ്ധ അധ്യാപകരുടെ അഭാവം.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.

### മലയാളം.

* എല്ലാ ക്ലാസ്സിലെയും എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക.
* ബാല സാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* സ്വന്തം ആശയങ്ങൾ ലഘുവാക്യങ്ങളിലും (Std I & II) സർഗ്ഗാത്മകമായും (ഉയർന്ന ക്ലാസ്സുകളിൽ) ആവിഷ്കരിക്കാനുള്ള കഴിവ് നേടുക.
* പതിപ്പുകൾ രൂപപ്പെടുത്തുന്നു.
* ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായനാ കുറിപ്പുകൾ രൂപപ്പെടുത്തുന്നു.

* പത്രം വായിച്ച് ആനുകാലിക സംഭവങ്ങളെ കുറിച്ച് അവബോധമുണ്ടാക്കുന്നു.
* സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കുന്നു.
* നാട്ടുവായന, വായനാക്കുറി, റീഡേഴ്സ് തിയേറ്റർ.
* സചിത്ര ഡയറി, സർഗാത്മക ഡയറി പ്രവർത്തനങ്ങൾ വിപുലമാക്കുക.
* പോർട്ട് ഫോളിയോയിൽ നിന്നും മാഗസിനുകളിലേക്ക്.
* മലയാളം അസംബ്ലി.
* ബാലസഭയിൽ വൈവിധ്യമാർന്ന പരിപാടികൾ (കഥ പറയൽ, അഭിനയഗാനം, ദൃശ്യാവിഷ്കാരം, നാടകം, കവിതാ പാരായണം, റീഡേഴ്സ് തിയേറ്റർ etc)

English

* To develop listening skills and reading skills.
* Picture description, growing sentences, quiz.
* engaging in various discourses.
* Story telling
* Reading breaking news.
* English Balasabha.
* Conducting English assembly.
* English day once in a week (Fridays)
* Day to day incidents in English diary
* Developing discourses based on ~~tex~~ english lessons (skit, drama, conversation
* Preparing english magazine. (class magazines and finally school magazine)
* Braining activities in classroom.
* English empowerment programme.
* Vacation camp (English workshop)

# പരിസരപഠനം

* പരിസര നിരീക്ഷണം, പ്രകൃതി നടത്തം.
* ആരോഗ്യ ബോധവൽക്കരണം.
* സ്കൂളിൽ പച്ചത്തോട്ടം, ജൈവവൈവിധ്യ ഉദ്യാനം.
* ഭക്ഷ്യമേള, ~~പാചകമേള~~
* രുചിയറിവ് (നാടൻ വിഭവങ്ങൾ)
* ശുചിത്വ സർവ്വേ
* പോസ്റ്റർ രചനാ മത്സരം, അവതരണം
* ഫീൽഡ് ട്രിപ്പ്
* കൃഷിയിടത്തിലേക്ക്
* കർഷകരുമായി അഭിമുഖം.
* ഹരിത വിദ്യാലയം (പ്ലാസ്റ്റിക് തരംതിരിക്കൽ)
* ലഘുപരീക്ഷണങ്ങൾ നടത്തുന്നു.
കുറിപ്പുകൾ തയാറാക്കുന്നു.
* മഴക്കുഴി നിർമ്മാണം.
* ശാസ്ത്രജ്ഞരെ അടുത്തറിയാം.
* ശാസ്ത്രമാസികകൾ.
* ഭൂപട വായന, ഭൂപട രചന
* ബയോബിൻ ഉപയോഗം.
* ഔഷധത്തോട്ടം, കൃഷി.
* ജൈവവൈവിധ്യ ഉദ്യാനം വിപുലീകരിക്കൽ.

പ്രവർത്തന പദ്ധതി വിശദീകരണം. (വായന)

അക്ഷര കാർഡുകൾ, പദ കാർഡുകൾ.
വായനാ കാർഡുകൾ നിർമ്മിച്ച് വായിപ്പിക്കുന്നു.
ചിത്രവായന, ചങ്ങല വായന, വ്യക്തിഗത
വായന,
റീഡേഴ്സ് തിയേറ്റർ.
ലൈബ്രറി പുസ്തകങ്ങൾ നല്കി കഥ പറയിക്കുന്നു
കുറിപ്പ് എഴുതിക്കുന്നു.
ഭാവാത്മക വായന.
സ്വന്തരചനകൾ പരസ്പരം വായിക്കുന്നു.
പ്രോത്സാഹിപ്പിക്കുന്നു.
വാട്സാപ്പ് ഗ്രൂപ്പുകളിൽ വായന.
വായനാമത്സരം സംഘടിപ്പിക്കൽ.

പ്രവർത്തന പദ്ധതി (ഗണിതം)

ഗണിതകഥ, പാട്ട്, കണക്കിലെ കളികൾ,
ഗണിതരൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ
പ്രവർത്തനങ്ങൾ.
ചിത്ര പാറ്റേണുകൾ
മഞ്ചാടി സഞ്ചി
ഗണിത പാറ്റേണുകൾ, ചിത്രങ്ങൾ
ഗണിത പസിലുകൾ
പ്രായോഗിക ജീവിത പ്രശ്നാപഗ്രഥനം.
ഗണിത മാസിക

## മധ്യമകാല പ്രവർത്തനങ്ങൾ

പ്രവർത്തനം : ലേഖനം.

ലക്ഷ്യം : ആശയവ്യക്തതയോടെ തെറ്റില്ലാതെ ശരിയായ ആലേഖനക്രമത്തിൽ എഴുതുന്നു.

കാലയളവ് : ജൂൺ മുതൽ മാർച്ച് വരെ.

നിർവ്വഹണ ചുമതല : ക്ലാസ് ടീച്ചർമാർക്ക്

സാമ്പത്തികം : SMC & staff.

സാമൂഹിക പങ്കാളിത്തം : SMC, പൂർവ്വ വിദ്യാർത്ഥികൾ. SSG.

പ്രവർത്തന പദ്ധതി വിശദീകരണം

* അക്ഷര വെളിച്ചം പദ്ധതിയിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. അക്ഷര കാർഡുകളും വായനാകാർഡുകളും പദകാർഡുകളും ഉപയോഗിച്ച് പ്രവർത്തനം വിപുലീകരിക്കുന്നു.
* ലൈബ്രറി പുസ്തകങ്ങൾ നൽകി വായനാക്കുറിപ്പുകൾ എഴുതിക്കുന്നു.
* ഡയറിയെഴുത്ത് (സചിത്ര ഡയറി, സർഗാത്മക ഡയറി)

സർഗാത്മക രചനകളിൽ ഏർപ്പെട്ട് കഥ, കവിത, വിവരണം, സംഭാഷണം ഇവ സ്വന്തമായി എഴുതുന്നു.

# ദീർഘകാല പ്രവർത്തനങ്ങൾ

പ്രവർത്തനം : English (Blooming Buds)

ലക്ഷ്യം : ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനും വായിക്കാനും എഴുതാനും കുട്ടികളെ ശേഷി നേടുന്നു.

കാലയളവ് : ജൂൺ 2025 മുതൽ ജൂൺ 2026 വരെ.

നിർവഹണ ചുമതല : English club.

സാമ്പത്തികം : SMC, Staff, Panchayath, പൂർവ്വ വിദ്യാർത്ഥികൾ.

സാമൂഹിക പങ്കാളിത്തം : SMC, SSG, പൂർവ്വവിദ്യാർത്ഥികൾ.

പ്രവർത്തനപദ്ധതി വിശദീകരണം.

* ആഴ്ചയിൽ ഒരു ദിവസം (വെള്ളി) English Day ആചരിക്കുന്നു.
* അന്നേ ദിവസം English assembly.
* English ൽ അധ്യാപകർ സന്ദേശം നല്കുന്നു.
* ഉച്ചവരെ അധ്യാപകരും കുട്ടികളും ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം.
* ഇംഗ്ലീഷ് മാഗസിൻ (Theme file) മാസത്തിൽ ഒരിക്കൽ (September മുതൽ) ഓരോ മാസത്തെയും ഫയലുകൾ ചേർത്ത് വർഷാവസാനം English Magazine രൂപപ്പെടുത്തുന്നു.

* നാലാം ക്ലാസിലും അഞ്ചാം ക്ലാസിലും ഇംഗ്ലീഷ് ഡയറി.
* മാസത്തിലൊരിക്കൽ ഇംഗ്ലീഷ് ബാലസഭ.
* Braining activities (Word card, Picture card, jumbled letters, puzzles, riddles..... ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം ചെയ്യുന്നു.
* English Empowerment Programme (വർഷത്തിൽ ഒരിക്കൽ)
* Vacation camp.

# ഉപസംഹാരം

വിദ്യാഭ്യാസ രംഗത്തെ അശാസ്ത്രീയമായ സ്വകാര്യവല്ക്കരണത്തിലൂടെ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമായ പൗരബോധവും ദേശസ്നേഹവുമുള്ള ഒരു തലമുറയുടെ സൃഷ്ടിയിലൂടെ രാഷ്ട്ര പുനർനിർമ്മാണം സാധ്യമാക്കുക എന്ന ലക്ഷ്യത്തിൽ നിന്ന് നാം വ്യതിചലിച്ചു കൊണ്ടിരിക്കുകയാണ്. പൊതുവിദ്യാലയങ്ങളുടെ നിയന്ത്രണം സർക്കാർ തലത്തിലായിരിക്കുമ്പോൾ ലക്ഷ്യവും പൊതുവായിരിക്കും. ദേശസ്നേഹവും ദേശീയ ബോധവുമുള്ള, ലഹരി വിമുക്ത, മാലിന്യനിർമ്മാർജ്ജന സംസ്കാരം എന്നീ പൊതുലക്ഷ്യങ്ങൾ പൊതുവിദ്യാലയങ്ങളിൽ കൂടി മാത്രമേ നേടിയെടുക്കാൻ കഴിയൂ. അതിശാഹനമായ സിലബസ് പഠിച്ച് വൈജ്ഞാനികമായി മുന്നോട്ടു-ന്നതിനോടൊപ്പം കുട്ടികൾ എത്തിപ്പെടുന്നത് സ്വാർത്ഥത, സങ്കുചിതമായ മതബോധം, സാമുദായിക ചിന്ത, സാമൂഹിക ബോധമില്ലായ്മ തുടങ്ങിയ ഭയാനകമായ വിപത്തുകളിലേക്കാണ്. ഈ മഹാവിപത്തുകളിൽ നിന്ന് രക്ഷ നേടാൻ പൊതുവിദ്യാലയങ്ങളെ ദേശീയോദ്ഗ്രഥനത്തിലേക്ക് നയിക്കത്തക്കവിധം പരിവർത്തനം ചെയ്തെടുത്തേ മതിയാകൂ. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും എല്ലാം ലോകനിലവാരത്തിലെത്തുന്ന തരത്തിൽ മികവിന്റെ കേന്ദ്രങ്ങളായി മാറുമ്പോഴേ ഈ ആത്യന്തിക ലക്ഷ്യവും സഫലമാകൂ. അതിന് സഹായകമാകട്ടെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ രൂപീകരണവും സ്കൂൾ ഗുണമേന്മ പദ്ധതിയും.